LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുന്നപ്ര ഫിഷറീസ് ഹാർബർ നിർമ്മാണം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഏജൻസിയെ ഏൽപ്പിച്ചിട്ടില്ല. അന്വേഷണ ഗവേഷണ പഠനങ്ങൾക്കായി 51 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 28-1-2014-ൽ നൽകിയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടന്നുവരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് മാതൃകാപഠനവും പരിസ്ഥിതി ആഘാത പഠനവും നടത്തുന്നതാണ്.

(ബി) നിർദ്ദിഷ്ട ഹാർബറിന്റെ അന്വേഷണ ഗവേഷണ പഠനം പൂർത്തിയാക്കി മാതൃകാപഠന റിപ്പോർട്ട്, പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്, CRZ സ്റ്റാറ്റസ് റിപ്പോർട്ട്, CRZ/EIA ക്ലിയറൻസ് എന്നിവ ലഭ്യമാകുന്നതനുസരിച്ച് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി ഭരണാനുമതിയും ഫണ്ടും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചെലവഴിച്ച തുക

63(5648) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിൽ 2015-16-ൽ എൻജിനീയറിംഗ് വകുപ്പിനുവേണ്ടി വകകൊള്ളിച്ചിട്ടുള്ള തുകയെത്രയാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഹാർബർ എൻജിനീയറിംഗ് വകുപ്പ് വിവിധ ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ തിരുവനന്തപുരം ജില്ലയിൽ പ്രത്യേകമായി ഒരു പദ്ധതിക്കുവേണ്ടിയും 2015-16 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പദ്ധതി ഇതര വിഭാഗത്തിൽ തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തലിനായി ബഡ്ജറ്റിൽ 55 കോടി വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽനിന്നും തിരുവനന്തപുരം ജില്ലയിലെ തീരദേശ റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ബില്ലുകൾ തീർപ്പാക്കുന്നതിനായി തുക വിനിയോഗിക്കുന്നതാണ്. കൂടാതെ നബാർഡ് സഹായപദ്ധതികൾക്കായി ഈ വകുപ്പിന് 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുറമുഖ മേഖലയിൽ വിഴിഞ്ഞം കാർഗോ ഹാർബറിനായി 10 കോടി രൂപ തുറമുഖ വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.